നിർത്തി പോകുന്ന സ്ഥിതിയിലെത്തിയിരിക്കുകയാണ്. ആവശ്യമായ തുക ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ല. സിമൻറും കമ്പിയും നൽകിയിട്ടില്ല. ഈ പാലത്തിന്റെ പണി അടുത്ത സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തീകരിക്കാനായി അടിയന്തിരമായി 50 ലക്ഷം രൂപയെങ്കിലും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഈ റോഡിൽ രണ്ടു പാലങ്ങൾ ഉണ്ടായിരുന്നു. ഒന്ന് ചക്കിരിയാറിനു കുറുകേയുള്ള ഒരു ചെറിയ പാലവും മറേത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മേജർ പാലവുമാണ്. ചെറിയ പാലത്തിന്റെ പണി പൂർത്തിയായി. പക്ഷേ രണ്ടാമത്തെ പാലത്തിന് എല്ലാംകൂടി 38.19 ലക്ഷം രൂപയ്ക്ക് 1976-ൽ തന്നെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പല കാരണങ്ങൾകൊണ്ടുമാണ് കോൺട്രാക്ട് ഇട്ടെറിഞ്ഞു പോയത്. അതിനുശേഷം അത് വീണ്ടും ടെൻറർ വിളിക്കുകയും 1983-ൽ ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 68 ലക്ഷം രൂപയാണ് ബാക്കി പണിക്ക് ആവശ്യമായി വേണ്ട തുക. ഒന്നര വർഷംകൊണ്ട് പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്. 1985-86-ലെ ബഡ്ജറ്റിലും ഇതിന് കുറച്ചു പണം വകയിരുത്തിയിട്ടുണ്ട്.

(6) കോന്നി ഫോറസ്റ്റ് ഡിവിഷനിലെ നടുവത്തുമൂഴി റേഞ്ചോഫീസിനു മുന്നിൽ ഫോറസ്റ്റ് തൊഴിലാളികൾ നടത്തുന്ന സത്യാഗ്രഹം

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : സർ, കോന്നി ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട നടുവത്തുമൂഴി റേഞ്ച് ആഫീസിനു മുമ്പിൽ ഏഴു ട്രേഡ് യൂണിയനുകളിൽപ്പെട്ട ഫോറസ്റ്റ് തൊഴിലാളികൾ കഴിഞ്ഞ രണ്ടര മാസക്കാലമായി സമരം നടത്തുകയാണ്. കഴിഞ്ഞവർഷം വിവിധ യൂണിയനുകളിൽപെട്ട തൊഴിലാളികൾ 10 തേക്ക് തോട്ടങ്ങളിലെ തടികൾ വെട്ടി അട്ടിശേഖരം നടത്തി. അതിന് ന്യായമായി അവർക്കു ലഭിക്കേണ്ട കൂലി ലഭിക്കുന്നതിനു വേണ്ടിയാണ് സത്യാഗ്രഹസമരം നടത്തുന്നത്. തൊഴിലാളികൾക്ക് 1,29,077 രൂപ കൂലിയിനത്തിൽ കൊടുക്കാനുണ്ട്. ഈ കൂലിയിനത്തിൽ കൊടുക്കാനുള്ള തുക വ്യാജ വൗച്ചർ കൊടുത്ത് ഒരു ഉദ്യോഗസ്ഥൻ, റേഞ്ച് ആഫീസർ അപഹരിച്ചെടുത്തുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇന്ന് ആ റേഞ്ച് ആഫീസർ അവിടെയില്ല. ഡി. എഫ്. ഒ. യെ ഉടൻതന്നെ അവിടെനിന്ന് സ്ഥലം മാറ്റാൻ പോകുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ തുക വാങ്ങിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. വളരെ വ്യാപകമായ തോതിലുള്ള വനം കൊള്ള അവിടെ നടക്കുന്നു. അതോടൊപ്പംതന്നെ തൊഴിലാളികളെ ചൂഷണം ചെയ്ത് വൻതുകകൾ തട്ടിയെടുക്കുന്നു. അത് എങ്ങനെയൊക്കെയാണ് ഗവൺമെൻറിലെ ഉദ്യോഗസ്ഥൻമാർ അപ്പോർഷൻ ചെയ്യുന്നത് എന്നുള്ളതിനെ സംബന്ധിച്ച് മലയാള മനോരമയിൽ ദീർഘമായ ഒരു ലേഖനം വന്നിട്ടുണ്ട്. എ. സി. എഫ് 7 ശതമാനം, ഡി. എഫ്. ഒ. 10 ശതമാനം സി. എഫ്. ഒ. 5 ശതമാനം, സി. സി. എഫ്. (വിജിലൻസ്) 5 ശതമാനം എന്ന ക്രമത്തിൽ ഈ തുക അപഹരിച്ചെടുക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. തൊഴിലാളികൾക്ക് കിട്ടാനുള്ള തുക കൊടുക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി നൂറുദ്ദീൻ) : സർ, ബഹുമാന്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വിഷയത്തെ സംബന്ധിച്ചിടത്തോളം സാധാരണ വനംവകുപ്പിലെ ദൈനംദിന പ്രവർത്തനങ്ങളെല്ലാംതന്നെ പൊറിക്കരാറിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. പൊറിക്കരാർ സാധാരണ ഈ പ്രവർത്തനങ്ങൾ എടുത്തു ശീലമുള്ള, അതിനെക്കുറിച്ച് നിശ്ചയമുള്ള ആളുകളെ തെരഞ്ഞുപിടിച്ചാണ് ഡിപ്പാർട്ടുമെന്റ് ഏൽപ്പിക്കുന്നത്. അവിടെയും പൊറിക്കരാറിന്റെ അടിസ്ഥാനത്തിൽ ജോലികൾ ചെയ്യിച്ചിട്ടുണ്ട്. ഇപ്പോൾ ഇപ്പിടെ ആവശ്യപ്പെട്ട കൂലികൂടുതലിനുവേണ്ടിയുള്ള സമരം ഉണ്ടായത് 1985 ഏപ്രിൽമാസം തുടങ്ങി 1985 ജൂലൈ മാസത്തിൽ അവസാനിച്ച പ്രവർത്തനങ്ങൾക്കുവേണ്ടിയാണ്. 1986 ഫെബ്രുവരി മാസത്തിലാണ് പുതിയ അവകാശവാദവുമായിട്ട് അവർ മുന്നോട്ടുവന്നത്. പൊറി കരാറിന്റെ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നതുകൊണ്ട് ഡിപ്പാർട്ടുമെന്റിന് ബാക്കി കൂലി കൊടുക്കുന്നതോ അല്ലെങ്കിൽ തീർത്തുകൊടുക്കുന്നതോ ആയിട്ടുള്ള ബാദ്ധ്യതയില്ല. ഏതായാലും അതിന്റെ പ്രവർത്തനത്തിൽ ക്രമക്കേട് ഉണ്ടെന്നു യൂണിയന്റെ ആൾക്കാരും ബഹുമാനപ്പെട്ട എം. എൽ. എ. യും ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ഇതിനകംതന്നെ നടത്തിയിട്ടുണ്ട്. കൂടുതൽ അന്വേഷണങ്ങളും നടത്താൻ സി. സി. എഫ് (വിജിലൻസ്) നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ അന്വേഷണ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞശേഷം ഇതുസംബന്ധിച്ച് എന്തുചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിക്കുന്നതാണ്.

(7) കിഴക്കേ കല്ലട പഞ്ചായത്തിലെ 'ഓണമ്പലം ബണ്ട്', പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതു സംബന്ധിച്ച്

ശ്രീ. തോപ്പിൽ രവി : സർ, കിഴക്കേകല്ലട പഞ്ചായത്തിലെ ചിറ്റുമല ഏലായിലെ എഴുനൂറോളം ഹെക്ടർ ഇരിപ്പുകൃഷി വെള്ളം കയറി നശിക്കാതിരിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണ് ഈ ഓണമ്പലം ബണ്ട് പദ്ധതി. 1977-ൽ അതിന്റെ പണി ആരംഭിച്ചതാണ്. അന്ന് 30 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റ്. ഇപ്പോൾ അതിന്റെ എത്രയോ ഇരട്ടിയായിക്കഴിഞ്ഞു. 7 വർഷമായിട്ടും അതിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പല കോൺട്രാക്ടർമാരും ഇതിന്റെ പണി പലപ്പോഴായി ഏറെറടുത്തെങ്കിലും ഉപേക്ഷിച്ചു പോവുകയാണുണ്ടായത്. ഇപ്പോൾ ഒരു കോൺട്രാക്ടർ കേസുകൊടുത്തതിനെ തുടർന്ന് പണികളെല്ലാം സ്തംഭിച്ചിരിക്കയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേസ്സുമൂലമുണ്ടായ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും, 5 ലക്ഷം രൂപ കൺസ്ട്രക്ഷൻ കോർപ്പറേഷന് അഡ്വാൻസ് നൽകുകയുണ്ടായി. പക്ഷേ വീണ്ടും കോൺട്രാക്ടർ കോടതിയെ സമീപിച്ചതുമൂലം പണികൾ വീണ്ടും കേസിൽ കുരുങ്ങി കിടക്കുകയാണ്. കോടതി സ്റ്റേ വെക്കേറ്റ് ചെയ്ത് അതിന്റെ പണി ആരംഭിക്കുന്നതിന് ഇനിയും കാലതാമസം ഉണ്ടായാൽ 2,000-ത്തോളം വരുന്ന കർഷകരുടെ ഒരു ദീർഘകാലസ്വപ്നമാണ് ചാമ്പലാകുന്നത്. ഇപ്പോഴുള്ള ഇരുപ്പുകൃഷി ഒരു പൂവ് കൂടി കൃഷിചെയ്യുന്നതിന് സൗകര്യമുള്ള പ്രദേശമാണ്. ഏഴുവർഷമായി അത് മുടങ്ങിക്കിടക്കുകയാണ്. അതിന്റെ പണി എത്രയും വേഗം തീർക്കുന്നതിന് കേസും അതുമായി ബന്ധപ്പെട്ട നൂലാമാലകളും പരിഹരിച്ച് ആ പണി ആരംഭിക്കാനുള്ള നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly